മധുരമായ കുട്ടികളേ- ഇപ്പോൾ ഈ പഴയ ലോകം മാറിക്കൊണ്ടിരിക്കുകയാണ്. അതു കൊണ്ട് ഇതിനോട് പ്രീതി വെക്കരുത്, പുതിയ വീടായ സ്വർഗത്തെ ഓർമിക്കൂ.

ചോദ്യം: സദാ സുഖമായിരിക്കുന്നതിനുള്ള ഏതൊരു വിധിയാണ് ബാബ എല്ലാ കുട്ടികൾക്കും കേൾപ്പിക്കുന്നത്?
ഉത്തരം: സദാ സുഖമായിരിക്കണമെങ്കിൽ ഹൃദയം കൊണ്ട് ഒരു ബാബയുടേതായി മാറൂ. ബാബയെത്തന്നെ ഓർമിക്കൂ. ബാബ ഒരിക്കലും ഏതെങ്കിലും കുട്ടികൾക്ക് ദു:ഖം കൊടുക്കില്ല. സ്വർഗത്തിൽ ഒരിക്കലും ആരുടെയെങ്കിലും പതിയോ ആരുടെയെങ്കിലും കുട്ടികളോ മരിക്കുന്നില്ല. അവിടെ ഈ അകാലമൃത്യുവിന്റെ കാര്യമില്ല. ഇവിടെയാണെങ്കിൽ രാവണൻ ദു:ഖിതരാക്കി മാറ്റുന്നു. ബാബ ദു:ഖഹർത്താവാണ്, സുഖകർത്താവാണ്.

ഗീതം: ദുഖിതരിൽ അല്പം കൃപ ചൊരിയൂ ഞങ്ങളുടെ മാതാപിതാവേ...................

ഓം ശാന്തി. ഇത് അതേ മാതാവും പിതാവും വീണ്ടും സദാ സുഖികളാക്കി മാറ്റുന്നതിനു വേണ്ടി രാജയോഗം പഠിപ്പിക്കുകയാണ്. ഏതെങ്കിലും വക്കീൽ ഇരുന്ന് വക്കീലാക്കി മാറ്റുന്നതിനു വേണ്ടിയുള്ള നോളജ് തരുന്നതുപോലെ. ഇപ്പോൾ ഇദ്ദേഹം നമ്മുടെ പരിധിയില്ലാത്ത മാതാവും പിതാവുമാണ്, സ്വർഗത്തിന്റെ രചയിതാവാണ്. അദ്ദേഹമിരുന്ന് കുട്ടികളെ സ്വർഗത്തിന്റെ അധികാരിയാക്കി മാറ്റുന്നതിനായി പഠിപ്പിക്കുകയാണ്. ഇങ്ങനെയുള്ള ഏതെങ്കിലും കോളജുകൾ ഉണ്ടാവില്ല-ഇവിടെ സ്വയം ഭഗവാനിരുന്ന് പഠിപ്പിക്കുകയാണ്, ഭഗവാനും ഭഗവതിയുമാക്കി മാറ്റുന്നതിനു വേണ്ടി. സത്യയുഗത്തിൽ ശ്രീലക്ഷ്മി-നാരായണനെ ഭഗവാൻ ഭഗവതി എന്നാണ് പറയുന്നത്. ആരാണ് പുതിയ ലോകത്തിന്റെ അധികാരിയാക്കി മാറ്റിയത്? അവർ സത്യയുഗത്തിലെ അധികാരിയായിരുന്നു. ഭാരതത്തിൽ സത്യയുഗത്തിന്റെ ആദിയിൽ ദേവീദേവതകളുടെ രാജ്യമായിരുന്നു. ഇപ്പോൾ കലിയുഗമാണ്, ദേവതകളുടെ രാജ്യമേയില്ല. ദേവതകളിൽ നിന്നു മാറി എല്ലാവരും കല്ലുമനുഷ്യരായി മാറിയിരിക്കുന്നു. ദേവതകൾ വളരെ ധനവാന്മാരും സുഖികളുമായിരുന്നു. ഇപ്പോൾ കലിയുഗത്തിന്റെ അന്തിമമായതുകൊണ്ട് എല്ലാ മനുഷ്യരും വളരെ ദു:ഖിതരാണ്. യുദ്ധവുമുണ്ടാവും, മനുഷ്യർ വളരെയധികം അയ്യോ...അയ്യോ... എന്നു വിളിക്കാൻ തുടങ്ങും. വളരെയധികം യാതനകൾ അനുഭവിക്കേണ്ടി വരും. മനുഷ്യർ തീർത്തും നിർധനരാണ്. എന്തുകൊണ്ടെന്നാൽ സ്വർഗത്തിന്റെ സുഖം തരുന്നവനായ അച്ഛനെയും അമ്മയെയും മറന്നിരിക്കുന്നു. നിങ്ങൾ ആ മാതാപിതാവിന്റേതായി മാറിയിരിയ്ക്കയാണ്. നിങ്ങൾക്ക് മാതാപിതാവിൽ നിന്ന് അളവറ്റ സുഖം ലഭിക്കുന്നു. ഈ ഭക്തി ചെയ്യുന്ന മനുഷ്യർ ഭഗവാനെയൊന്നും ഓർമിക്കുന്നില്ല. ഭഗവാനെ കല്ലിലും മുള്ളിലും പട്ടിയിലും പൂച്ചയിലും ഉണ്ടെന്നു പറഞ്ഞ് പിന്നെ സ്വയത്തെ ഭഗവാനെന്നു മനസിലാക്കി ഇരിയ്ക്കുകയാണ്. പറയുകയാണ്- എല്ലാത്തിലും ഭഗവാനുണ്ടെന്ന്. പതീതരിൽ ഭഗവാനുണ്ടെന്നു പറയുന്നതു തന്നെ ഗ്ലാനിയല്ലേ. എന്നാൽ ഡ്രാമയിൽ മനുഷ്യർക്ക് തെറ്റു പറ്റുകതന്നെ വേണം താനും. എന്നിട്ട് ബാബ വന്ന് ഈ തെറ്റുകളെ തിരുത്തിത്തരുന്നു. മനുഷ്യർ ഒന്നും അറിയുന്നേയില്ല. ഭഗവാൻ ഒന്നേയുള്ളൂ. ആയിരങ്ങളൊന്നുമുണ്ടാവില്ല. ലൗകിക അച്ഛന്മാർ വളരെയാണ്. അത് മൃഗങ്ങൾക്കുമുണ്ട്. എന്നാൽ എല്ലാവരുടെയും സദ്ഗതിദാതാവ് പതീതപാവനൻ ഒന്നു മാത്രമാണ്. അതുകൊണ്ട് ആ അച്ഛൻ വന്ന് കുട്ടികളെ പഠിപ്പിക്കുകയാണ്- ഭാവിയിലേക്കു വേണ്ടി. ഭഗവാനും ഭഗവതിയുമാക്കി മാറ്റുകയാണ്. ഇപ്പോൾ പരംപിതാപരമാത്മാവിനല്ലാതെ ഭഗവാൻ, ഭഗവതി ആക്കി മാറ്റാൻ ആർക്കാണ് സാധിക്കുക? ഇനി അച്ഛനാണെങ്കിൽ അമ്മയില്ലാതെ എങ്ങനെ സൃഷ്ടി രചിയ്ക്കും? ഭാരതവാസികളും പാടുന്നുണ്ട്, നിങ്ങളും ഭക്തിമാർഗത്തിൽ പാടിയിരുന്നു-അങ്ങു തന്നെയാണ് മാതാവും പിതാവും.........അങ്ങയുടെ കൃപ കൊണ്ട് സുഖവും സമ്പത്തും ലഭിക്കുന്നു. അതുകൊണ്ട് ഞങ്ങൾ ഭക്തി ചെയ്യുകയാണ്. ആരുടെയെങ്കിലും ഭക്തി ചെയ്യുകയാണെങ്കിൽ മനസിലാക്കുന്നു-ഞങ്ങൾ ഭഗവാനെ ഓർമിക്കുകയാണെന്ന്. സന്യാസികളും സാധന ചെയ്യുന്നുണ്ട്. എന്നാൽ ആരുടെ സാധനയാണ് ചെയ്യുന്നത്, ഇതൊന്നുമറിയുന്നില്ല. രാവണന്റെ മതത്തിൽ എല്ലാം മറന്നുപോയിരിക്കുന്നു. അതുകൊണ്ട് പിന്നെ ബാബ എന്തു ചെയ്യാനാണ്. ഇത്രയും ദു:ഖിതരും കല്ലുബുദ്ധികളുമായി മാറുക ഇതും ഡ്രാമയിലുണ്ട്.

ബാബ വന്ന് കുട്ടികളെ വീണ്ടും സ്വർഗത്തിന്റെ അധികാരികളാക്കി മാറ്റുകയാണ്. സ്വർഗത്തിന്റെ അധികാരിയാക്കി മാറ്റുന്നവനാണ് പാരലൗകിക മാതാപിതാ, നരകത്തിന്റെ അധികാരിയാക്കി മാറ്റുന്നവനാണ് രാവണൻ. അതുകൊണ്ട് ആ രാവണനിൽ ഇപ്പോൾ വിജയം പ്രാപിക്കണം. ഇപ്പോൾ നിങ്ങൾ മായാജീത്ത്, ജ

ഗത്ജിത്തായി മാറുകയാണ്. നിങ്ങൾക്ക് ഏതെങ്കിലും പഴയ രാജ്യത്തിലല്ല രാജ്യം ഭരിക്കേണ്ടത്. മായയിൽ വിജയം പ്രാപിച്ച് വീണ്ടും സ്വർഗത്തിൽ രാജ്യം ഭരിക്കണം. മായയോട് തോൽക്കുന്നതു കൊണ്ട് നരകത്തിൽ വരുന്നു. ഈ കാര്യങ്ങളൊന്നും ഏതെങ്കിലും പതീത മനുഷ്യർക്ക് മനസിലാക്കിത്തരാൻ സാധിക്കില്ല. അവർക്ക് ആരെയും പാവനമാക്കാനും സാധിക്കില്ല. മുഴുവൻ ലോകവും പതീതമാണ്. വിഷത്തിൽ നിന്നാണ് ജനിയ്ക്കുന്നത്. ദേവീദേവതമാർ സർവഗുണസമ്പന്നരും 16 കലാസമ്പൂർണരുമാണ്. അവിടെ വിഷത്തിന്റെ പേരു തന്നെയില്ല. ഭഗവാനെ ആരുമറിയുന്നില്ല. അതുകൊണ്ട് അവരെ ഗുരുവാക്കുന്നതിൽ എന്തു പ്രയോജനം? അവർക്ക് ഭഗവാനുമായി മിലനം ചെയ്യാനും പറ്റില്ല, മറ്റുള്ളവരെ മിലനം ചെയ്യിക്കാനും സാധിക്കില്ല. ആത്മാവും പരമാത്മാവും വളരെക്കാലം വേറിട്ടിരുന്നു. അതുകൊണ്ട് ഇപ്പോൾ പരംപിതാപരമാത്മാവു തന്നെ വന്ന് മിലനം ചെയ്യിക്കണം. മനുഷ്യർ ഇതും മനസിലാക്കുന്നില്ല– ഈ നാടകം ഇപ്പോൾ അവസാനിക്കാൻ പോവുകയാണെന്ന്. ഈ ഡ്രാമ സത്യയുഗം മുതൽ കലിയുഗം വരെ നടന്നു കൊണ്ടിരിക്കുന്നു. ഇതു തന്നെ വീണ്ടും ആവർത്തിക്കുന്നു. ഈ ഡ്രാമയുടെ നോളജിനെ മനസിലാക്കുന്നതിലൂടെ നിങ്ങൾ ചക്രവർത്തിയായി മാറുന്നു. നിങ്ങൾക്കറിയാം നമ്മളെങ്ങനെയാണ് 84 ജന്മമെടുക്കുന്നത്. ഇത് ലീപ് യുഗമാണ്, പുരുഷോത്തമസംഗമയുഗം. ഇത് അന്തിമജന്മമാണ്. ഇപ്പോൾ ബാബയുടേതായി മാറുന്നു. ബാബ പറയുന്നു–അല്ലയോ കുട്ടികളേ നിങ്ങൾ എന്റേതായി മാറൂ. പറയുന്നുമുണ്ട്–പരംപിതാ പരമാത്മാ. ലൗകികപിതാവിനെ ഇങ്ങനെ പറയില്ല. അതുകൊണ്ട് ഇപ്പോൾ പാരലൗകിക പിതാവ് പറയുന്നു–ഞാൻ വന്നിരിക്കുകയാണ്. ബാക്കി നിങ്ങളുടെ അമ്മാമനും ചെറിയച്ഛനും ഒക്കെ ഇപ്പോൾ അവസാനിയ്ക്കും. ഈ പഴയ ലോകം മാറിക്കൊണ്ടിരിക്കുകയാണ്. മുന്നിൽ മഹാഭാരതയുദ്ധവും തയ്യാറായി നിൽക്കുന്നുണ്ട്. ഈ അനേകധർമ്മം വിനാശമാകും. ഇത് പഴയ ലോകമാണ്. ഇതിൽ അനേകധർമങ്ങളുണ്ട്. സത്യയുഗത്തിൽ ഒരു ധർമമേയുള്ളൂ. അതുകൊണ്ട് ഇപ്പോൾ ഈ ലോകം മാറുക തന്നെ വേണം. അതുകൊണ്ട് ഇതിൽ പ്രീതി വെക്കരുത്. ലൗകികഅച്ഛൻ പുതിയ വീട് ഉണ്ടാക്കുകയാണെങ്കിൽ കുട്ടികളുടെ മനസിൽ പുതിയ കെട്ടിടത്തിന്റെ ഓർമയാണുണ്ടാവുക. ഇപ്പോൾ ഈ കെട്ടിടം തയ്യാറാകും. പിന്നീട് നമ്മൾ പുതിയ കെട്ടിടത്തിലേക്ക് മാറിത്താമസിയ്ക്കും. പഴയത് പൊളിച്ചുമാറ്റും. ഇപ്പോൾ ഈ മുഴുവൻ ലോകത്തിന്റെയും വിനാശം സംഭവിക്കും. കുട്ടികൾക്ക് സാക്ഷാത്കാരവും ഉണ്ടായിട്ടുണ്ട്– എങ്ങനെയാണ് തീ പടർന്നു പിടിയ്ക്കുന്നത്, ബോംബുകളുടെ വർഷമായിരിക്കും, സമുദ്രമെങ്ങനെയാണ് ഉയർന്നു പൊങ്ങുന്നത്. ഇതെല്ലാം സാക്ഷാത്കാരം ചെയ്തിട്ടുണ്ട്.

ബാബ ബോംബെയിൽ പോകുമ്പോൾ മനസിലാക്കിക്കൊടുക്കാറുണ്ട്– ഈ മുംബൈ ആദ്യം ഉണ്ടായിരുന്നേയില്ല. ഒരു ചെറിയ ഗ്രാമമായിരുന്നു, ഇപ്പോൾ സമുദ്രത്തെ വറ്റിച്ചിരിയ്ക്കുന്നു. ഹിസ്റ്ററി വീണ്ടും റിപ്പീറ്റ് ആകും. പിന്നീട് ഈ ബോംബെ ഉണ്ടാവുകയില്ല. സത്യയുഗത്തിൽ ഏതെങ്കിലും ബോംബെ ഗ്രാമങ്ങളൊന്നും ഉണ്ടാവില്ല. ഈ അമേരിക്കയും എന്താണ്! ഒരേയൊരു ബോംബു കൊണ്ട് എല്ലാം അവസാനിയ്ക്കും. ഹിരോഷിമയിൽ ബോംബിട്ടിരുന്ന സമയത്ത് അവിടത്തെ അവസ്ഥ എന്തായി? എല്ലാ പട്ടണങ്ങളും നശിച്ചുപോയി. അത് ഒരു ബോംബായിരുന്നു. ഇപ്പോൾ അനേകം ബോംബുകളുണ്ടാക്കിയിട്ടുണ്ട്. പറയുന്നുമുണ്ട്– ബാബ വന്നിരിക്കുകയാണ്. പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യാൻ. ഇതിനെ രാവണനാണ് പഴയ നരകമാക്കി മാറ്റിയത്. ഇത് ഭാരതവാസികൾക്കറിയില്ല. മായ എല്ലാവരെയും ഗോദ്റെജിന്റെ പൂട്ടുകൊണ്ട് തുറക്കാൻ പറ്റാത്ത പോലെ പൂട്ടിയിട്ടിരിയ്ക്കയാണ്. മനുഷ്യർ എത്ര ദു:ഖിതരാണ്. ഒരു പക്ഷേ ധനവാന്മാർക്ക് സുഖമുണ്ടായിരിക്കും. എന്നാലും അവർക്കും രോഗങ്ങളൊക്കെ ഉണ്ടാവുന്നുണ്ടല്ലോ. ഇന്ന് കുട്ടി ജനിച്ചു, സന്തോഷമുണ്ടായി, പിന്നീട് കുട്ടി മരിച്ചുപോയാൽ ദു:ഖിക്കുകയും ചെയ്യുന്നു. ഇതിനെയാണ് പറയുന്നത് ദു:ഖധാമം. ഭാരതം സുഖധാമമായിരുന്നു. ഇപ്പോൾ ഈ പഴയ ലോകം ദു:ഖധാമമാണ്. പിന്നീട് ബാബ വന്ന് സുഖധാമമാക്കി മാറ്റുന്നു. ബാബ പറയുന്നു– ഇപ്പോൾ സമ്പത്തെടുക്കൂ. അതുകൊണ്ട് ഓർമയും ബാബയുടേതു മാത്രമായിരിക്കണം. ബാക്കി എല്ലാ ദേഹസംബന്ധങ്ങളും ദു:ഖം തരുന്നതാണ്. ഇപ്പോൾ നിങ്ങൾ മനസിലാക്കുന്നു–ഒരു ബാബയല്ലാതെ സുഖം തരുന്നവർ വേറെയാരും ഇല്ല. പറയുന്നു– ബാബാ, ഞങ്ങൾ അങ്ങയുടെ അതേ കുട്ടികൾ തന്നെയാണ് ആരെയാണോ അങ്ങ് സ്വർഗത്തിന്റെ അധികാരിയാക്കി മാറ്റിയത്. ഇപ്പോൾ ഞങ്ങൾ ദു:ഖിതരാണ്. അങ്ങ് ദയാമനസ്കനല്ലേ? ദു:ഖമായതുകൊണ്ടല്ലേ വിളിയ്ക്കുന്നത്. സത്യയുഗത്തിൽ സുഖമായതു കൊണ്ട് അവിടെ ആരും വിളിയ്ക്കുന്നില്ല. ദു:ഖത്തിലാണ് എല്ലാവരും ഓർമിക്കുന്നത്. എന്നാൽ ഭഗവാനെ ആർക്കും തന്നെ ലഭിയ്ക്കുന്നില്ല. ഭക്തർ ഹനുമാനെ ഓർക്കുന്നുവെന്നു വിചാരിയ്ക്കൂ–എന്നാൽ ഹനുമാൻ എവിടെയാണ് ഇരിയ്ക്കുന്നത്? ഹനുമാന്റെ അടുത്തേയ്ക്ക് നിങ്ങൾ എങ്ങനെയാണ് പോവുക? എവിടേയ്ക്കാണ് പോവുക? മനുഷ്യർ ഭക്തി ചെയ്യുന്നത് മുക്തി അഥവാ ജീവന്മുക്തിയിൽ പോകുന്നതിനു വേണ്ടിയാണ്. ഹനുമാനെയോ ഗണേശനെയോ ഓർമിക്കുന്നതുകൊണ്ട് നിങ്ങൾ എവിടെയാണ് പോവുക? അവരുടെ വാസസ്ഥാനമെവിടെയാണ്? അവരിൽ നിന്ന് നിങ്ങൾക്കെന്താണ് ലഭിക്കുക? ഒന്നുമറിയുന്നില്ല. ബാബ മനസിലാക്കിത്തരുന്നു–

സൃഷ്ടിയിൽ സുഖം തരുന്നവൻ ഞാൻ മാത്രമാണ്. ഇങ്ങനെയുമില്ല-ഭഗവാനാണ് സുഖവും ദു:ഖവും ഒക്കെ തരുന്നത്, കുട്ടികളെ തരുന്നതും ഭഗവാനാണ്, അപ്പോൾ സുഖമുണ്ടാകുന്നു. കുട്ടി മരിച്ചു പോയാൽ ദു:ഖമുണ്ടാകുന്നു. അതുകൊണ്ട് ബാബ പറയുന്നു-കുട്ടികളെ, ഞാൻ നിങ്ങൾക്ക് സദാ സുഖം മാത്രമാണ് തരുന്നത്. നിങ്ങളിൽ നിന്ന് മായ സുഖത്തെ തട്ടിയെടുക്കുകയാണ്. സത്യയുഗത്തിൽ ഇങ്ങനെയൊന്നും ഉണ്ടാവില്ല. ആരുടെയും കുട്ടികളും മരിയ്ക്കുന്നില്ല, ആരുടെയും പതിയും മരിയ്ക്കുന്നില്ല. ഇവിടെ ഈ മായാവീലോകത്തിൽ ചിലപ്പോൾ ചിലരുടെ കുട്ടികൾ മരിയ്ക്കുന്നു, ചിലപ്പോൾ ചിലരുടെ പതി മരിയ്ക്കുന്നു. ഈ കാര്യം സ്വർഗത്തിൽ ഉണ്ടാവുന്നില്ല. ഇവിടെ നരകമാണ്. ഇപ്പോൾ ബാബ പറയുന്നു-അഥവാ സദാ സുഖിയായിരിക്കണമെങ്കിൽ ബാബയുടേതായി മാറൂ. ഇപ്പോൾ നിങ്ങളുടെ ആത്മാവും ശരീരവും രണ്ടും പതീതമാണ്. ഇങ്ങനെയുമില്ല-ആത്മാവു നിർലേപമാണ്. ആത്മാവിൽത്തന്നെയാണ് ക്ലാവു പിടിക്കുന്നത്. അതുകൊണ്ടാണ് ഇപ്പോൾ വജ്രം പോലും ഇരുമ്പുയുഗമായി മാറിയത്. ഇപ്പോൾ വീണ്ടും നിങ്ങൾ ഗോൾഡൻ ഏജിലേക്കാവുന്നതിനു വേണ്ടി നോളജ് എടുക്കുന്നു. ബാബ വന്ന് അമരനാക്കിമാറ്റി അമരപുരിയിലേക്ക് കൊണ്ടുപോവുകയാണ്. ഇത് മൃത്യുലോകമാണ്. ഗീതയിലും ഈ വാക്കുണ്ട്. അമരപുരിയിൽ ആദിമദ്ധ്യാന്തം ദു:ഖമുണ്ടാവില്ല. മൃത്യുലോകത്തിൽ ആദിമദ്ധ്യാന്തം ദു:ഖമാണ്. ഇങ്ങനെയുള്ള ഈ ദു:ഖധാമത്തെ മറക്കുക തന്നെ വേണം. സുഖധാമവും ശാന്തിധാമവും ഓർമിക്കണം. നമ്മളിപ്പോൾ സുഖധാമത്തിലേക്കു പോവുകയാണ്-വഴി ശാന്തിധാം. നമ്മൾ അവിടത്തെ നിവാസികളാണ്. ഇതും സ്വദർശനചക്രം തന്നെയാണല്ലോ. തന്റെ പിതാവിനെയും മധുരമായ വീടിനെയും ഓർമിക്കണം. കന്യക പിതാവിന്റെ വീടുപേക്ഷിച്ച് അമ്മായിയച്ഛന്റെ വീട്ടിലേക്കു പോവുകയാണെങ്കിൽ ഇങ്ങനെ പാടാറുണ്ട്-പിയർ ഖർ സെ സസൂർ ഖർ.....

അതുകൊണ്ട് നിങ്ങളുടെ ഈ വീട് ബ്രഹ്മാവിന്റെ പിതൃവീട് ആണ്. ഇപ്പോൾ ഈ വീട്ടിൽ നിന്ന് നിങ്ങൾ സ്വർഗമാകുന്ന ഭർതൃവീട് അഥവാ സത്യയുഗത്തിലേക്ക് പോകും. അവിടെ സുഖം തന്നെ സുഖമാണ്. ഇവിടെ ദു:ഖമാണ്. കന്യകയും വീടു വിട്ടിറങ്ങുന്നു-സുഖത്തിനു വേണ്ടി. എന്നാൽ അവിടെ അവരെ പതീതമാക്കി മാറ്റി ദു:ഖിതയാക്കുന്നു. ഇപ്പോൾ ബാബ മനസിലാക്കിത്തരികയാണ്-നിങ്ങളെ കണ്ണിലിരുത്തിയാണ് സ്വർഗത്തിലേക്കു കൊണ്ടുപോകുവാൻ ഞാൻ വന്നിരിക്കുന്നത്. അതുകൊണ്ട് എന്നെ മാത്രം ഓർമിക്കൂ. അവിടെ നിങ്ങൾക്ക് യാതൊരു ദു:ഖവും ഉണ്ടാവില്ല. കുട്ടികൾ കണ്ടിട്ടുമുണ്ട്-കൃഷ്ണന്റെ ജന്മം എങ്ങനെയാണ് ഉണ്ടാകുന്നതെന്ന്. ആദ്യം മുതൽക്കു തന്നെ സാക്ഷാത്കാരമുണ്ടായിരുന്നു. എപ്പോഴാണോ ശരീരം വിടുന്നത് അതേ സമയം സാക്ഷാത്കാരവുമുണ്ടാകുന്നു- ഞാൻ ഈ ശരീരം വിട്ട് പോയി രാജകുമാരനായി ജന്മമെടുക്കും. ഇത്ര മാത്രം ആത്മാ ശരീരത്തെ വിട്ടുപോയി ഗർഭകൊട്ടാരത്തിൽ പോയിരിയ്ക്കും. കുട്ടി ജനിക്കുന്ന സമയത്ത് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവില്ല. അവിടെ ഗർഭകൊട്ടാരത്തിൽ നിങ്ങൾക്ക് പരമസുഖമായിരിക്കും. ഇവിടെയാണെങ്കിൽ ഗർഭജയിലാണ്. ആരാണോ കളവും പാപവുമൊക്കെ ചെയ്യുന്നത് അവർ ഗവൺമെന്റിന്റെ ജയിലിൽ പോകും. അവിടെ ഈ രണ്ടു ജയിലുമുണ്ടാവില്ല. പാപങ്ങളൊന്നും ആരും ചെയ്യുന്നില്ല. അതിനെ പറയുന്നതു തന്നെ പുണ്യാത്മാക്കളുടെ ലോകമെന്നാണ്. അതുകൊണ്ട് ബാബ സ്വർഗത്തിലേക്കു കൊണ്ടുപോകുന്നു. കാണുന്നുണ്ട്-ഇത്രയും പേർ പുരുഷാർഥം ചെയ്തുകൊണ്ടിരിക്കുന്നു. അപ്പോൾ എന്തുകൊണ്ട് നമ്മൾക്ക് ബാബയിൽ നിന്ന് സമ്പത്തെടുത്ത് സദാ സുഖിയായിരുന്നുകൂടാ. ചിലർ പ്രായശ്ചിത്തം ചെയ്യുന്നുണ്ട്-ഈ കർമബന്ധനം എങ്ങനെ ഇല്ലാതാക്കും. കുട്ടികൾ ഉണ്ടായിരുന്നില്ലെങ്കിൽ നല്ലതായിരുന്നു. ചിലർ വിവാഹം ചെയ്ത് പിന്നീട് ജ്ഞാനത്തിൽ വരും. അതുകൊണ്ട് പറയാറുണ്ട്- ആദ്യം അറിഞ്ഞിരുന്നില്ലെങ്കിൽ വിവാഹം ചെയ്യുമായിരുന്നില്ല. ഇങ്ങനെ ഒരുപാടു പേർ എഴുതുന്നുണ്ട്. ആരുടെ ഭാഗ്യത്തിൽ എപ്പോഴാണോ ഉള്ളത് , എപ്പോഴാണോ തുറക്കേണ്ടത് അപ്പോൾ വരുന്നു. അതും ഇഷ്ടപ്പെടുകയാണെങ്കിൽ. ഒരാഴ്ച ബാബയുടെ കുട്ടിയായി നോക്കൂ. ഇഷ്ടപ്പെട്ടുവെങ്കിൽ ആയിത്തീരും. ഇല്ലായെങ്കിൽ പോയി ലൗകികത്തിലെ അച്ഛന്റെയും അമ്മയുടെയും അടുത്തിരിക്കും. ഫീസൊന്നുമില്ല. ശിവബാബയുടെ ഭണ്ഡാരയാണ്. ഇനി ഏതെങ്കിലും പുസ്തകങ്ങൾ വാങ്ങിക്കേണ്ട ആവശ്യവുമില്ല. മുരളി അയച്ചുകൊടുക്കുന്നു. ബാബയുടെ ഖജനാവാണ്. ബാബ എന്തു ഫീസാണ് വാങ്ങിക്കുക. നന്നായി തോന്നുകയാണെങ്കിൽ പാവങ്ങൾക്കു വേണ്ടി ലിറ്ററേച്ചർ പ്രിന്റ് ചെയ്യാം.

ഭാരതം പോലെ ഇത്രയും ദാനം ചെയ്യുന്ന വേറൊരു ദേശവുമുണ്ടായിരിക്കില്ല. ബാബ തന്നെയാണ് വന്ന് ഭാരതത്തിൽ ദാനം ചെയ്യുന്നത്. നിങ്ങൾ കുട്ടികളും ശരീരം, മനസ്, ധനം കൊണ്ട് ബാബയിൽ സമർപ്പിതമാകുന്നു. മഹാദാനിയായി മാറുന്നു. ഈ ബാബയും (ബ്രഹ്മാബാബ) മഹാദാനിയായില്ലേ? മുമ്പ് ഇൻഡയറക്ട് ആയിട്ടാണ് ദാനം ചെയ്തിരുന്നത്. ഇപ്പോൾ സ്വയം ഡയറക്ട് വന്നിരിക്കുകയാണ്. റിട്ടേൺ ആയി സ്വർഗത്തിന്റെ ചക്രവർത്തി പദവിയാണ് നൽകുന്നത്. എത്ര ലാഭകരമായ കച്ചവടമാണ്. എന്നിട്ട് പറയുന്നു- ഇപ്പോൾ തനിക്കു സമാനമാക്കൂ, വികാരങ്ങളുടെ മേൽ വിജയം പ്രാപ്തമാക്കൂ, ദേഹീഅഭിമാനിയായി മാറൂ,

സ്വയത്തെ ആതമാവാണെന്നു മനസിലാക്കൂ. പാടാറുമുണ്ട്– നഗ്നമായിട്ടാണ് വന്നത്, നഗ്നമായി പോകണം. ആദ്യത്തെ നമ്പറിൽ ദേവീദേവതകളുടെ ആത്മാവാണ് വരുന്നത്. അതിന്റെ പിന്നിൽ രണ്ടാം നമ്പറിലു ള്ളവർ. ഹെഡ് ദേവീദേവതാധർമത്തിലെ ആത്മാക്കളാണ്. ആരാണോ ആദ്യം വരുന്നത് പോകേണ്ടതും അവർക്കു തന്നെയാണ് ആദ്യം. അവരുടെ ഓൾറൗണ്ട് പാർട്ടാണ്. ഈ കാര്യങ്ങളൊക്കെ മനസിലാക്കേ ണ്ടതാണ്. ആരുടെ ഭാഗ്യത്തിലുണ്ടോ അവർ പെട്ടെന്നു മനസിലാക്കും. ഭാഗ്യത്തിലില്ലെങ്കിൽ മനസ് നിൽ ക്കില്ല. ബാബ പറയുന്നു– ഇപ്പോൾ എന്നെ ഓർമിക്കൂ. ഞാൻ തന്നെയാണ് നിങ്ങളുടെ അച്ഛൻ. ഗോഡ്ഫാ ദർ ഞാൻ തന്നെയാണ്. മത്സ്യവും കൂർമവും ഒന്നും ദൈവമല്ല. ഈ കാര്യങ്ങളൊക്കെ ബാബയ്ക്കല്ലാതെ വേറെയാർക്കും പറഞ്ഞുതരാൻ സാധിയ്ക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

ധാരണക്കുള്ള മുഖ്യമായ സാരം –

1. ശരീരം, മനസ്, ധനം എല്ലാം ബാബയിൽ സമർപ്പിച്ച് മഹാദാനിയായി മാറണം. തനിയ്ക്കു സമാനമാക്കി മാറ്റുന്നതിന്റെ സേവ ചെയ്യണം. ദേഹീഅഭിമാനിയായി മാറണം.

2. ഈ പഴയ ലോകം ദു:ഖധാമമാണ്. ഇതിനെ മറന്ന് സുഖധാമത്തെ ഓർമിക്കണം. കർമബന്ധനത്തിൽ ഒ രിയ്ക്കലും കുടുങ്ങിപ്പോകരുത്.

വരദാനം : "എന്റെ ബാബ" ഈ സ്മൃതിസ്വരൂപത്തിലൂടെ സമർത്ഥത(ശക്തി)യുടെ അ ധികാരം പ്രാപ്തമാക്കുന്നവരായ സമർത്ഥ ആത്മാവായി ഭവിയ്ക്കട്ടെ!

കല്പം മുമ്പത്തെ സ്മൃതി വന്നപ്പോൾ തന്നെ കുട്ടികൾ പറയുന്നു–അങ്ങ് എന്റേതാണ്. ബാബ പറയു ന്നു–നിങ്ങൾ എന്റേതാണ്. ഈ എന്റേതെന്ന സ്മൃതിയിലൂടെ പുതിയ ജീവൻ, പുതിയ ലോകം ലഭിച്ചുക ഴിഞ്ഞു. അതും സദാകാലത്തേയ്ക്കായി എന്റെ ബാബ ഈ സ്മൃതിയിലിരിക്കുന്നു. ഈ സ്മൃതിയുടെ റി ട്ടേൺ ആയി സമർത്ഥിസ്വരൂപരായി മാറി. ആര് എത്ര സ്മൃതിയിലിരിക്കുന്നുവോ അത്രയും അവർക്ക് സ മർത്ഥതയുടെ അധികാരം പ്രാപ്തമാകുന്നു. എവിടെ സ്മൃതിയുണ്ടോ അവിടെ സമർത്ഥതയുണ്ട്. കുറ ച്ചെങ്കിലും വിസ്മൃതിയുണ്ടെങ്കിൽ വ്യർത്ഥമുണ്ട്. അതുകൊണ്ട് സദാ സ്മൃതിസ്വരൂപരും സമർത്ഥസ്വരൂപ രുമായി മാറൂ.

സ്ലോഗൻ : കഠിനപ്രയത്നത്തോടൊപ്പം സ്ഥിതിയിലും സദാ ദൃഢതയുള്ളവരായി മാറൂ.